**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3889** **15-07-2022 - ൽ മറുപടിയ്ക്ക്**

**ജീവിതശൈലി രോഗങ്ങൾക്കെതിരെ ശക്തമായ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന പ്രതിരോധ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | പ്രമേഹം, രക്താതിമർദ്ദം, ഹൃദ്രോഗം, പക്ഷാഘാതം, വൃക്കരോഗങ്ങൾ, അർബുദം തുടങ്ങിയ രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'അമൃതം ആരോഗ്യം' എന്ന ജീവിതശൈലീ രോഗ നിർണയ പദ്ധതി. ഈ പദ്ധതി പ്രകാരം ആരോഗ്യവകുപ്പിന് കീഴിലുള്ള ജില്ലാ ആശുപത്രി മുതൽ കുടുംബക്ഷേമ ഉപകേന്ദ്രം വരെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ ജീവിതശൈലീ രോഗനിയന്ത്രണ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. ഈ ക്ലിനിക്കുകളിലൂടെ പരിശോധനകളും ചികിത്സയും ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകളും സൗജന്യമായി പ്രാഥമികാരോഗ്യതലം വരെ നൽകി വരുന്നുണ്ട്. പാദരോഗങ്ങൾ കണ്ടെത്തുന്നതിനുള്ള "പാദസ്പർശം" പദ്ധതി, രക്തസമ്മർദ്ദം നിയന്ത്രിക്കുന്നതിനുള്ള "ഇൻഡ്യ ഹൈപ്പർടെൻഷൻ കൺട്രോൾ ഇനിഷ്യേറ്റീവ് (IHCI) തുടങ്ങിയ പദ്ധതികൾ പ്രാഥമികാരോഗ്യതലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.<br><br>സർക്കാർ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗനിർണ്ണയത്തിനും, അതിന്റെ തുടർചികിത്സയ്ക്കുമായുള്ള എൻ സി ഡി പി ക്ലിനിക്കുകൾ എല്ലാ ആഴ്ചയിലും മുടങ്ങാതെ നടന്നു വരുന്നു. ജീവിത ശൈലീ രോഗങ്ങൾ മുഖേനയുണ്ടാകുന്ന സങ്കീർണ്ണതകളെ വേഗത്തിൽ കണ്ടെത്താനായി ഈ ക്ലിനിക്കുകളിൽ നിന്ന് രോഗികളെ മെഡിക്കൽ കോളേജുകളിലേക്ക് റെഫർ |

ചെയ്യുകയും തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്തു വരുന്നു. ജീവിത ശൈലി രോഗബാധിതരായി മെഡിക്കൽ കോളേജിൽ ചികിത്സ തേടി വരുന്ന എല്ലാ രോഗികൾക്കും അവരുടെ രോഗത്തിന്റെ തരവും തീവ്രതയും അനുസരിച്ച് ഉചിതമായ ഐ.പി, ഐ.സി.യു, വെന്റിലേറ്റർ കെയർ എന്നിവ ഉൾപ്പെടെ നൽകി വരുന്നു. ജീവിതശൈലി രോഗങ്ങളായി ഒപിയിൽ ചികിത്സ തേടുന്നവർക്ക് രോഗനിയന്ത്രണത്തിനാവശ്യമായ ചികിത്സയും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചുള്ള അവബോധവും നൽകി വരുന്നു. മെഡിക്കൽ കോളേജുകളിൽ ജീവിത ശൈലീ രോഗ ചികിത്സയ്ക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഒ.പി. ഐ.പി ക്ലിനിക്ക് വഴി രോഗം കണ്ടുപിടിക്കൽ, ചികിത്സ ലഭ്യമാക്കൽ, ICU, Ventilator Care, Specialist Care എന്നിവ വേണ്ടവർക്ക് അത്തരം ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. ഒ.പിയിൽ വരുന്നവരിൽ ജീവിത ശൈലി രോഗ ബാധയേൽക്കാൻ സാധ്യത കൂടിയവരെ കണ്ടെത്തുകയും വേണ്ട ബോധവൽക്കരണം, സ്ക്രീനിംഗ്, prevention എന്നിവ നടത്തി വരുന്നു. Patient Care സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്.

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടേയും ജീവിതശൈലീരോഗങ്ങളെ കുറിച്ചും അതിലേക്ക് നയിക്കുന്ന ഹേതുക്കളെ കുറിച്ചുമുള്ള ആരോഗ്യവിവരശേഖരണം നടത്തുന്നതിനും ജീവിതശൈലീ രോഗപരിശോധനയും ചികിത്സയും നടത്തുന്നതിനും ഒരു ബൃഹദ് ക്യാമ്പയിൻ ആരോഗ്യവകുപ്പ് ആരംഭിക്കുകയുണ്ടായി. 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ' എന്ന് നാമകരണം ചെയ്ത ഈ ക്യാമ്പയിൻ തുടക്കത്തിൽ ഓരോ നിയോജകമണ്ഡലത്തിലെയും ഒരു പഞ്ചായത്തിലാണ് നടപ്പിലാക്കുക. ആശ പ്രവർത്തകർ, ഭവനസന്ദർശനം നടത്തി ഓരോ വീടുകളിലെയും 30 വയസിന് മുകളിൽ പ്രായമുള്ള ജനങ്ങളുടെ വിവരശേഖരണം നടത്തി അവരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് അനുസൃതമായ പരിശോധനകൾക്ക് അവരെ അടുത്തുള്ള ആരോഗ്യകേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ വിവരശേഖരണത്തിനായി ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത 'ശൈലീ' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയാണ് ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ ശേഖരിച്ച് വരുന്നത്. ഇത് തൽസമയം

| | | | |
|---|---|---|---|
| | | | തന്നെ അതാത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഡാഷ് ബോർഡിലൂടെ നിരീക്ഷിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | സ്കൂൾ, കോളേജ് തലങ്ങളിൽ ഗ്രാമ പഞ്ചായത്തുകളുടെയും യൂത്ത് ക്ലബ്ബുകളുടെയും സഹകരണത്തോടെ ആരോഗ്യ ബോധവത്ക്കരണ ക്യാമ്പയിൻ നിരന്തരം നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ജീവിതശൈലീ രോഗ നിയന്ത്രണത്തിന് ഏറ്റവും അത്യാന്താപേക്ഷിതമായ നടപടിയാണ് ആരോഗ്യബോധവൽക്കരണം. ഹയർ സെക്കൻഡറി സ്കൂൾ, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലെ എൻ.എസ്.എസ് യൂണിറ്റുകളുമായി സഹകരിച്ചുകൊണ്ട് ആരോഗ്യ ബോധവൽക്കരണത്തിനുള്ള നിരവധി പദ്ധതികൾ ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | കുടുംബശ്രീ യൂണിറ്റുകളെയും ഗ്രാമസഭകളെയും പ്രസ്തുത ബോധവത്ക്കരണ പദ്ധതിയിൽ പങ്കെടുപ്പിച്ച് ജീവിതശൈലി രോഗങ്ങളെ തടയുവാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ആരോഗ്യബോധവൽക്കരണം ഗ്രാമതലങ്ങളിലും സമൂഹത്തിന്റെ നാനാതുറകളിലും ആവശ്യമാണ്. ഈ ആവശ്യം മുൻനിർത്തി എല്ലാ സന്നദ്ധ സംഘടനകളെയും കുടുംബശ്രീ യൂണിറ്റുകളെയും ഗ്രാമസഭകളെയും ഉൾപ്പെടുത്തി കൊണ്ട് ഒരു ബൃഹദ് ക്യാമ്പയിൻ നവകേരള കർമ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നു. ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന് നാമകരണം ചെയ്ത ഈ പദ്ധതിയിലൂടെ ജീവിതശൈലീ രോഗങ്ങൾ സമൂഹത്തിന്റെ പിന്തുണയോടെ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ